കേരള സർക്കാർ

# വിവര സാങ്കേതികവിദ്യ നയരൂപരേഖ 2017

DRAFT

കേരള സർക്കാരിന്റെ വിവര സാങ്കേതിക വിദ്യാ നയത്തിന്റെ
രൂപരേഖയാണ് ഇതിൽ പരാമർശിക്കുന്നത്

ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ്

# വിവര സാങ്കേതികവിദ്യ
# നയരൂപരേഖ 2017

വിവര സാങ്കേതിക വിദ്യാ വകുപ്പ്

**കേരള സർക്കാരിന്റെ വിവര സാങ്കേതിക വിദ്യാ നയത്തിന്റെ രൂപരേഖയാണ് ഇതിൽ പരാമർശിക്കുന്നത്**

കേരള സർക്കാർ

# ഉള്ളടക്കം


മുഖ്യമന്ത്രിയുടെ സന്ദേശം........................6

വീക്ഷണം........................8

1. ആമുഖം........................9

1.1. കേരള ഐടി -: സംഗ്രഹം........................10

2. കേരളം ഐടി നയ രൂപരേഖ 2017 : ഘടകങ്ങൾ........................10

2.1. ഉദ്ദേശലക്ഷ്യങ്ങൾ........................10

2.2. നയ ചാലകങ്ങൾ........................12

2.3. നയ രൂപ രേഖ ........................13

2.3.1. ഡിജിറ്റൽ ഭരണ സംവിധാനം [ഇ-ഗവേണൻസ്] ........................13

2.3.2. മാനവ ശേഷി മൂലധന വികസനം........................13

2.3.3.മാർക്കറ്റിംഗ്........................14

2.3.4. പശ്ചാത്തല/അടിസ്ഥാന സൗകര്യ വികസനം ........................14

2.4. കാര്യ നിർവാഹക ഘടന ........................14

2.4.1.ഡിജിറ്റൽ സർക്കാർ ഉപദേശക സമിതി........................14

2.4.2. ഐടി സെക്രട്ടറി........................15

2.4.3. ഇ - ഗവെർണൻസ്........................15

2.4. 4.ഐ ടി പാർക്സ് ........................15

2.4.5. മാനവശേഷി വികസനം ........................15

2.4.6. അടിസ്ഥാന പശ്ചാത്തല വികസനം ........................15

2.4.7. ഫല സൂചികകളും മാനദണ്ഡങ്ങളും........................16

2.5 .പ്രധാന പ്രവർത്തന മേഖലകൾ........................ 16

2.6. ഉപനയങ്ങളും മാർഗ രേഖകളും........................16

3. ഡിജിറ്റൽ സാങ്കേതിക വിദ്യയാൽ ശാക്തീകരിക്കപ്പെട്ട പൗര സമൂഹം........................17

3.1. ഡിജിറ്റൽ വ്യക്തിത്വം ........................17

3.2.പങ്കാളിത്ത ഡിജിറ്റൽ ഭരണ സംവിധാനം........................17

3.3.ഏകജാലക സർക്കാർ പോർട്ടൽ........................17

3.4 സ്വതന്ത്ര ഓപ്പൺ സോഫ്റ്റ് വെയറുകളുടെ ഉപയോഗവും ഉല്പാദനവും........................~~16~~ 17

3.5 സർക്കാർ സേവന സംവിധാനം. ........................18

3.6. ഇലക്ട്രോണിക് സേവനങ്ങൾ........................18

3.7.ജന സേവന കേന്ദ്രങ്ങൾ........................18

3.8.മൊബൈൽ ഭരണ സംവിധാനങ്ങൾ........................18

3.9. ഇലക്ട്രോണിക് വിഭവ സമാഹരണം ........................19

3.10. സ്മാർട് ഗ്രാമങ്ങൾ / പഞ്ചായത്തുകൾ........................19

3.11. സാമ്പത്തിക ഉൾക്കൊള്ളലും മൊബൈൽ ബാങ്കിങ്ങും....19
4. ഡിജിറ്റൽ ജീവിതക്രമം....19
4.1. ഡിജിറ്റൽ സാക്ഷരത....19
4.2. വിദ്യാഭാസ കേന്ദ്രങ്ങൾ തമ്മിലുള്ള വിനിമയ ശൃംഖല....20
4.3. തദ്ദേശ ശൃംഖലകൾ....20
4.4. തദ്ദേശ വിജ്ഞാന ശേഖരം....20
5. ഡിജിറ്റൽ കൊമേഴ്സ്....20
5.1. ഇ-കൊമേഴ്സ് നയം....20
5.2. മൊബൈൽ കൊമേഴ്സ്....21
5.3. ഇലക്ട്രോണിക് ബിസിനസ് സഹായം....21
5.4. നൂതനാശയങ്ങളും സംരംഭകത്വവും....21
5.5. ടെക്നോളജി ഇന്നവേഷൻ സോൺ....21
5.6. ഗ്രാൻഡ് ഇന്നവേഷൻ ചലഞ്ച്....22
5.7. വ്യവസായ വികസനവും തൊഴിൽ അവസരങ്ങളും....22
5.8. ഓൺലൈൻ വിപണന കേന്ദ്രം....22
5.9. കേരള ആപ് സ്റ്റോർ....22
5.10. ഐടി വ്യവസായ പ്രോത്സാഹന നടപടികൾ....22
5.11. ആഭ്യന്തര വിപണി....23
5.11.1. സർക്കാർ പർച്ചേസ്....23
5.11.2. പ്രാദേശിക ഉത്പാദന പ്രോത്സാഹനം....23
5.12. ബ്രാൻഡ് കേരള ഐടി....23
5.12.1. പ്രതിനിധി സംഘങ്ങൾ....23
5.12.2. ഐ ടി എക്സ്പോ കേരള....23
5.12.3. രാജ്യാന്തര സെമിനാറുകൾ....24
5.12.4. മികവിനുള്ള അംഗീകാരം....24
6. ഐ ടി & ഐ ടി അനുബന്ധ പശ്ചാത്തല സൗകര്യങ്ങൾ....24
6.1. സംസ്ഥാന ഐടി പശ്ചാത്തല സൗകര്യങ്ങൾ....24
6.2. ഐടി വ്യവസായവും അനുബന്ധ സൗകര്യങ്ങളും....24
6.3. വിവര വിനിമയ ശൃംഖലകളും ഡേറ്റ സെന്ററുകളും....25
6.4. ഫാബ് ലാബുകൾ....25
6.5 അന്താരാഷ്ട്ര കോഗ്നിറ്റിവ് ശൃംഖല....25
6.6. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുള്ള മൊബൈൽ ലഭ്യത....25
6.7. സ്ത്രീസുരക്ഷക്കുള്ള ആപ്ലിക്കേഷനുകൾ....26
6.8. സൈബർ സുരക്ഷ....26

6.9.ബിസിനസ് നൈരന്തര്യം ........................................................................26

6.10.പൊതു സ്ഥലങ്ങളിൽ സൗജന്യ വൈഫൈ/ ഐ ഒ ടി - യുടെ വ്യാപക ഉപയോഗം ........................26

6.11.സർക്കാർ മിഷനുകൾ........................................................................26

6.12. ഹരിത കേരളം. ........................................................................27

## മുഖ്യമന്ത്രിയുടെ സന്ദേശം



നമ്മുടെ സമ്പദ്ഘടനയെ ശക്തിപ്പെടുത്താൻ സഹായിക്കുന്ന ഐടി മേഖലയെ വളർച്ചയിലേക്ക് നയിക്കാൻ ഉതകുന്ന നയരേഖ ഏറെ സന്തോഷത്തോടെ ഞാൻ അവതരിപ്പിക്കുന്നു.

ഡിജിറ്റൽ സാങ്കേതികവിദ്യയെ നാടിന്റെ വികസനത്തിന് ഉപയോഗപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ നയം. ഇത് ഉപയോഗിച്ച് സർക്കാർ സേവനങ്ങൾ കാര്യക്ഷമമാക്കാനും, സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാനും സാധിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക എന്നതും ഇതിന്റെ ഭാഗമാണ്. ഇന്ത്യയിൽ നിലനിൽക്കുന്ന ഡിജിറ്റൽ വിഭജനത്തെ മറികടക്കാൻ കഴിയുന്ന നിരവധി സാധ്യതകൾ കേരളത്തിൽ നിലനിൽക്കുന്നുണ്ട്.

ഡിജിറ്റൽ സങ്കേതങ്ങൾ സ്വീകരിക്കുന്നതിനും പ്രയോഗത്തിൽ വരുത്തുന്നതിനുമുള്ള ശക്തമായ അടിത്തറയും, മനുഷ്യവിഭവശേഷി പശ്ചാത്തലവും കേരളത്തിനുണ്ട്. വിദ്യാസമ്പന്നരായ ജനത, പൊതുവെ മെച്ചപ്പെട്ട ജീവിത നിലവാരം തുടങ്ങിയവ ഇത്തരം സാധ്യതകളെ വർദ്ധിപ്പിക്കുന്നു. ഐടി മേഖലയിൽ മികച്ച നിക്ഷേപങ്ങൾ കൊണ്ട് വരാനും സ്റ്റാർട്ട് അപ്പ് പദ്ധതിയിലൂടെ യുവ സംരംഭകരെ സൃഷ്ടിക്കാനും അതിനെ ഫലപ്രദമായി ഉപയോഗിച്ച് മുന്നോട്ട് കൊണ്ട് പോകാനും നമുക്ക് കഴിയേണ്ടതുണ്ട്.

ഡിജിറ്റൽ സാങ്കേതികവിദ്യ ജനക്ഷേമത്തിന് മാത്രമല്ല ആധുനിക വ്യവസായങ്ങളുടെ ത്വരിതഗതിയിലുള്ള സാമ്പത്തിക വളർച്ചയ്ക്കും ഉത്തേജനം നൽകും. മൂന്ന് തരത്തിൽ ഇത് കൊണ്ടുവരാനാകും. ഐടി ഉല്പാദന മേഖലയിൽ സന്നിവേശിപ്പിക്കുമ്പോൾ അതിന്റെ കാര്യക്ഷമത ഉയരുന്നു. രണ്ടാമതായി സർക്കാർ സേവനങ്ങൾ ഫലപ്രദമായി ജനങ്ങൾക്ക് നേരിട്ട് എത്തിക്കുന്നതിന് ഇതിലൂടെ കഴിയുന്നു. മൂന്നാമതായി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ ഇതിലൂടെ ഉണ്ടാക്കിയെടുക്കാം. സോഫ്റ്റ് വെയർ ഉല്പാദനം, ഹാർഡ് വെയറുകളുടെ നിർമ്മാണം എന്നിവ ഇവിടെ സാധ്യമാണ്. ഇതിലൂടെ നവകേരള സൃഷ്ടിക്ക് ഉതകുന്ന അടിത്തറ സൃഷ്ടിക്കുക എന്നതും സർക്കാർ ലക്ഷ്യം വയ്ക്കുന്നു.


വർദ്ധിച്ച തോതിലുള്ള വ്യവസായ വളർച്ച ഉറപ്പാക്കാനും, സവിശേഷപരവും, സൃഷ്ടിപരവുമായ പദ്ധതികൾ നടപ്പിലാക്കാനും, കൂടുതൽ കാര്യക്ഷമമായ നിർവ്വഹണ സംവിധാനം സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. പശ്ചാത്തല സൗകര്യ വികസനം, മാനവവിഭവശേഷി വളർച്ച, വാണിജ്യ വളർച്ച എന്നി ഘടകങ്ങൾ വിവര സാങ്കേതികവിദ്യയുടെ അർത്ഥപൂർണ്ണമായ ഉപയോഗം ത്വരിതപ്പെടുത്തുകയും അവയ്ക്ക് പ്രാമുഖ്യം നൽകുകയും ചെയ്യും. ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്, സോഷ്യൽ മീഡിയ, മൊബിലിറ്റി, അനലിറ്റിക്സ്, ക്ലൗഡ് അധിഷ്ഠിത സേവനങ്ങൾ എന്നിവയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തി നൂതനാശയങ്ങളിലേക്കും അവയുടെ ആവിഷ്ക്കാരത്തിലേക്കും ഈ ചട്ടക്കൂട് വഴിയൊരുക്കും.

90 ശതമാനത്തിലേറെ ജനങ്ങൾ ആധാർ പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആധാർ ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് കെ.വൈ.സി സംവിധാനം നടപ്പിൽ വരുത്തുകയും സബ്സിഡികളും ആനുകൂല്യങ്ങളും വിതരണം ചെയ്യാനായി അത് ഉപയോഗിക്കുകയും ചെയ്യും. എന്നാൽ ആധാറിന്റെ അഭാവത്തിൽ ജനങ്ങൾക്ക് മറ്റ് അടിസ്ഥാനരേഖയുടെ പിൻബലത്തിൽ സേവനങ്ങൾ ഉറപ്പാക്കുന്നതാണ്. ആധാർ ഇല്ല എന്ന കാരണത്താൽ സർക്കാരിന്റെ ഒരു സേവനവും നിഷേധിക്കപ്പെടുന്നതല്ല.

മുൻകാലങ്ങളിൽ നിന്ന് വ്യത്യസ്തമായി ഈ നയരേഖയോടൊപ്പം സർക്കാർ ഓരോ മേഖലയിലും നടപ്പിലാക്കാനുദ്ദേശിക്കുന്ന ഉപനയങ്ങളുടെ ഒരു ക്രോഡീകരണവും ഇതോടൊപ്പം അവതരിപ്പിക്കുന്നുണ്ട്. പൊതുവായ നയ സമീപനം തുടരുമ്പോഴും അനുഭവങ്ങളുടെ വെളിച്ചത്തിൽ വർഷം തോറും ഉപനയങ്ങൾ വിലയിരുത്തി കൂടുതൽ പ്രസക്തമായ രീതിയിൽ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

മറ്റൊരു പ്രത്യേകത ഇത് ഒരു കരട് രേഖയായിട്ടാണ് ഈ ഘട്ടത്തിൽ അവതരിപ്പിക്കുന്നത് എന്നതാണ്. ഇതേക്കുറിച്ച് പൊതുജനങ്ങൾക്കും ഈ മേഖലയിലെ വിദഗ്ദ്ധർക്കും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും രേഖപ്പെടുത്താൻ അവസരമൊരുക്കുകയും അങ്ങനെ ലഭ്യമാകുന്ന പ്രസക്ത നിർദ്ദേശങ്ങൾ അന്തിമ നയത്തിൽ ഉൾപ്പെടുത്താനും ആണ് ഉദ്ദേശിക്കുന്നത്.

ഒരു നവകേരളത്തിന്റെ സൃഷ്ടിക്കായി നമുക്ക് ഒരുമിക്കാം.



വീക്ഷണം

''2020 ഓടെ സർക്കാർ സേവനങ്ങൾ, ജീവിത ശൈലി , വ്യാപാരം, വ്യവസായം എന്നീ മേഖലകളിൽ ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ വ്യാപകമായ ഉപയോഗം വഴി കേരള സമൂഹത്തിന്റെ വൈജ്ഞാനിക ശാക്തീകരണം ലക്ഷ്യമിട്ടുന്നതാണ് ഈ നയം; സ്വാതന്ത്ര്യം, സാർവത്രിക പങ്കാളിത്തം, സുതാര്യത, സുരക്ഷ എന്നീ മൂല്യങ്ങൾ, ആധുനിക സാങ്കേതിക വിദ്യകൾ, പൗരാവകാശങ്ങൾ, വ്യവസായികാവശ്യങ്ങൾ എന്നിവയുമായി സമന്വയിപ്പിച്ച കേരള ജനതയുടെ സാമൂഹിക സാമ്പത്തിക ഉന്നമനത്തിനു ഈ നയം വഴി തെളിക്കും.''

# 1. ആമുഖം

വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് വിവിധ സേവനങ്ങൾ എത്തിക്കുന്നതിലും വ്യവസായ, വാണിജ്യ മേഖലകളിലെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുമുളള ശ്രമം നമ്മുടെ ഭാഗത്തു നിന്നും ഉണ്ടായിട്ടുണ്ട്. ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിക്കുന്നതിലും വിവര സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പദ്ധതികൾ നടപ്പിലാക്കുന്നതിലും സംസ്ഥാനം എന്നും നല്ല നിലയിൽ ഇടപെട്ടിട്ടുണ്ട്.

ജനസേവന കേന്ദ്രങ്ങൾ, സംസ്ഥാന വ്യാപകമായ വിവര വിനിമയ ശൃംഖല, ഡാറ്റാ സെന്ററുകൾ എന്നിവ വിജയകരമായി സ്ഥാപിക്കാൻ നമുക്ക് കഴിഞ്ഞു. സർക്കാർ സേവനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് നടപ്പിലാക്കിയ അക്ഷയ പദ്ധതി ഒരു സുസ്ഥിര സാമൂഹ്യ സംരംഭക പദ്ധതി എന്ന നിലയ്ക്ക് ലോകത്തിനു തന്നെ മാതൃക ആണ്. കേന്ദ്രീകൃത നിരീക്ഷണത്തിൽ, സംസ്ഥാനം ഒട്ടുക്കും വ്യാപിച്ചു കിടക്കുന്ന അക്ഷയ സെന്ററുകൾ വഴി, സുരക്ഷിതവും, ആധികാരികവും ആയി, ഭദ്രതയോടെ സർക്കാർ സേവനങ്ങൾ ജനങ്ങളിൽ എത്തിക്കാൻ സംസ്ഥാനത്തിന് സാധിച്ചു.

രാജ്യത്തെ ആദ്യത്തെ ഐ ടി പാർക്കും, ആദ്യത്തെ ഇലക്ട്രോണിക് സംരംഭവും തുടങ്ങിയത് കേരളത്തിലാണെങ്കിലും, സോഫ്റ്റ് വെയർ കയറ്റു മതിയിലും ഇലക്ട്രോണിക് വ്യവസായ രംഗത്തും നാം ഇന്ന് പുറകിലാണ്. ഈ രംഗങ്ങളിൽ മാറ്റം സൃഷ്ടിച്ചു കൊണ്ട് വളർച്ച ത്വരിതപ്പെടുത്താനും, നൂതന സാങ്കേതിക വിദ്യകളുടെ കാര്യത്തിൽ ഒരു കുതിച്ചു ചാട്ടം നടത്താനും സംസ്ഥാനത്തിന് സാധിക്കേണ്ടതുണ്ട്.

ഒരു വിജ്ഞാനാധിഷ്ഠിത സമൂഹം എന്ന നിലയിൽ കേരളത്തെ വാർത്തെടുക്കാൻ ഉള്ള പദ്ധതികൾ ആണ് ഈ നയം ലക്ഷ്യമിടുന്നത്.

## 1.1 കേരള ഐടി - സംഗ്രഹം

സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിൽ വിവര സാങ്കേതിക വിദ്യക്കുള്ള നിർണായകമായ പങ്ക് സർക്കാർ തിരിച്ചറിയുന്നു; അതിനോടുള്ള പ്രതിബദ്ധത ആവർത്തിച്ച് ഉറപ്പിക്കുകയും ചെയ്യുന്നു. 1998-ലാണ് കേരള സർക്കാർ ആദ്യമായി ഒരു ഐ ടി നയം രൂപീകരിച്ചത്. കേരളത്തെ ഒരു ഐടി നിക്ഷേപക സൗഹൃദ കേന്ദ്രം ആക്കുന്നതിലും, സംസ്ഥാനത്തു മികച്ച ഇ-ഗവേണൻസ് സംവിധാനം ഒരുക്കുന്നതിലും, പിൽക്കാലത്ത് നടന്ന ഇടപെടലുകൾ മുഖ്യ പങ്ക് വഹിച്ചിട്ടുണ്ട്.

വിവരാധിഷ്ഠിത / ഡിജിറ്റൽ സാങ്കേതിക വിദ്യകളുടെ വ്യാപനം/ഉപയോഗം/പരിശീലനം, അത്തരം സംരംഭങ്ങളിൽ ഉള്ള നിക്ഷേപം, നൂതനാശയങ്ങൾ, സംരംഭകത്വം എന്നിവ പരമാവധി പ്രോത്സാഹിപ്പിക്കുകയും അത് വഴി നേരിട്ടും അല്ലാതെയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, സർക്കാർ സേവനങ്ങൾ ഈ നൂതന സംവിധാനങ്ങൾ വഴി സുഗമവും സുതാര്യവുമായി എല്ലാ വിഭാഗം ജനങ്ങളിലും എത്തിക്കുകയും ചെയ്യാനുള്ള നിർദ്ദേശങ്ങൾ ആണ് ഈ രേഖയിൽ അടങ്ങിയിരിക്കുന്നത്.

ഈ ലക്ഷ്യം കൈവരിക്കുന്നതിലേക്കായി നാല് പ്രധാന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു:

1. ലോകോത്തര സാങ്കേതിക പശ്ചാത്തല സൗകര്യ വികസനം.
2. സാങ്കേതിക വിദ്യാഭ്യാസം, നൈപുണ്യ വികസനം എന്നിവയിലൂടെ പുത്തൻ സാങ്കേതിക വിദ്യകളുടെ ഉല്പാദനം, ഉപയോഗം എന്നിവക്കനുയോജ്യമായ മാനവ വിഭവശേഷി വികസനം.
3. തദ്ദേശ/ വിദേശ നിക്ഷേപങ്ങൾ ആകർഷിക്കാനുള്ള സമയബന്ധിതവും, നൂതനവുമായ മാർക്കറ്റിംഗ് സംവിധാനം അതോടൊപ്പം വളർന്നു വരുന്ന ആഭ്യന്തര വിപണിയെ പരമാവധി പ്രയോജനപ്പെടുത്താനുള്ള ഉപായങ്ങൾ.
4. സാധാരണക്കാർക്ക് വിവിധ സേവനങ്ങൾ ഫലപ്രദമായി ലഭ്യമാക്കുന്നതോടൊപ്പം നൂതനാശയങ്ങളും സ്റ്റാർട്ടപ്പ് കമ്പനികളും സമന്വയിപ്പിച്ച് ജനകേന്ദ്രീകൃതമായ ഒരു വൈജ്ഞാനിക സമൂഹ സൃഷ്ടിക്ക് അടിത്തറയൊരുക്കുക.

## 2. കേരളം ഐടി നയ രൂപരേഖ 2017 : ഘടകങ്ങൾ

### 2.1. ഉദ്ദേശലക്ഷ്യങ്ങൾ

1. വിവര സാങ്കേതിക രംഗത്തെ നൂതന മേഖകളിലേക്കുള്ള കുതിച്ചു ചാട്ടത്തിനു കേരളത്തെ പ്രാപ്തമാക്കുക; അത് വഴി ആഭ്യന്തര മൊത്ത ഉല്പാദനത്തിലും, തൊഴിൽ മേഖലയിലും വളർച്ച കൈവരിക്കുക.
2. ലോകോത്തര ഐ.ടി സംരഭകരെ കേരളത്തിലെ പാർക്കുകളിലേക്ക് ആകർഷിക്കാൻ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കും.
3. ലോകോത്തര നിലവാരത്തിലുള്ള ഒരു കോടി ചതുരശ്ര അടി ഓഫീസ് സ്പേസ് നിർമിക്കുക വഴി നേരിട്ടും അല്ലാതെയും രണ്ടര ലക്ഷം പേർക്ക് തൊഴിൽ അവസരങ്ങൾ ഉറപ്പ് വരുത്തുക.
4. സഹകരണ മേഖലയിലെ സാമൂഹ്യ സ്ഥാപനങ്ങളുടെ കഴിവും പ്രവാസി മൂലധനത്തെയും പാർക്കുകളുടെ നിർമാണത്തിനായി ഉപേയാഗിക്കുക.
5. വിവരാധിഷ്ഠിത ഉല്പന്നങ്ങളുടെയും സേവനങ്ങളുടെയും കയറ്റുമതിയിൽ സ്ഥിരതയാർന്ന വാർഷിക വളർച്ച കൈവരിക്കുക.
6. ശാസ്ത്ര സാങ്കേതിക വിദ്യകളെ അടിസ്ഥാനമാക്കി ഉള്ള ആശയങ്ങൾക്കും ഗവേഷണങ്ങൾക്കും പ്രാമുഖ്യം നൽകി കേരളത്തെ ഒരു വിവരാധിഷ്ഠിത സമൂഹം ആയി വികസിപ്പിക്കുക.
7. ഐ.ടി രംഗത്തെ ചെറുകിട സംരഭങ്ങളുടെ ഗുണനിലവാരവും മത്സരശേഷിയും വർധിപ്പിച്ചു അന്താരാഷ്ട്ര വിപണിയുമായി ബന്ധിപ്പിക്കാൻ ഇടപെടലുകൾ നടത്തുക.
8. സ്റ്റാർട്ട് അപ്പുകൾ വഴി സുസ്ഥിര സാങ്കേതിക സംരംഭകത്വം പ്രോത്സാഹിപ്പിക്കുക. ഇതിലേക്കായി ടെക്നോളജി ഹബ്ബുകൾ നിർമിക്കുക
9. വിവിധ സർക്കാർ സേവനങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും സഹായകരമായ നിരക്കിൽ ലഭ്യമാക്കുക. ഇ-ഗവേണൻസ് പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുകയും സോഷ്യൽ ആഡിറ്റിന് വിധേയമാക്കുകയും ചെയ്യുക.
10. വിവര -വിജ്ഞാന സ്രോതസ്സുകൾ ഡിജിറ്റിൽ സങ്കേതങ്ങൾ വഴി എല്ലാവർക്കും പ്രാപ്യമാക്കുക. ഭിന്ന ശേഷിക്കാർക്കു കൂടി ഉപയോഗിക്കാൻ തക്ക വിധം ഇവ സജ്ജീകരിക്കുക.

11. സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത ഉറപ്പ് വരുത്തുക. വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം സമസ്ത മേഖലകളിലും, സകല ജനവിഭാഗങ്ങളുടെയും ഉന്നമനത്തിനായി വിനിയോഗിക്കുക.

12. മലയാള ഭാഷ കമ്പ്യൂട്ടിങ് പ്രോത്സാഹിപ്പിക്കുകയും ടൂളുകൾ വികസിപ്പിക്കുകയും, ഈ രംഗത്തെ ഗവേഷണത്തിനും വികസനത്തിനും പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്യുക.

13. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ടെലി-പ്രെസൻസ്, ഓഡിയോ കോൺഫറൻസ്, ഓൺലൈൻ പോർട്ടലുകൾ, മൊബൈൽ ആപ്ലിക്കേഷനുകൾ എന്നിവ വഴി ബന്ധിപ്പിക്കുന്നതിലൂടെ ഒരു വിജ്ഞാന- വിവര വിനിമയ ശൃംഖല സ്ഥാപിക്കുക.

14. പുതുതലമുറ വ്യവസായങ്ങൾക്ക് അനുയോജ്യമായ സാങ്കേതിക വിദ്യകളിൽ നൈപുണ്യമുള്ള ഒരു തൊഴിൽ സമൂഹം വാർത്തെടുക്കുക. അധിക മാനവ ശേഷി സംഭരണത്തിലൂടെ കേരളത്തിന്റെ തൊഴിൽ ശേഷി വർധിപ്പിക്കുക.

15. ഐ ഐ ഐ ടി എം കെ / ഐ സി ഫോസ് തുടങ്ങിയ സ്ഥാപനങ്ങളെ ഐ ടി മേഖലയിൽ ഉന്നത പഠനത്തിനും ഗവേഷണത്തിനും ഉള്ള സെന്ററുകളായി മാറ്റുക.

16. ഐ ടി അറ്റ് സ്കൂൾ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുകയും അതിന്റെ പാഠങ്ങൾ ഉൾക്കൊണ്ട് ഉന്നത വിദ്യാഭ്യാസ രംഗത്ത് പദ്ധതികൾ ആവിഷ്കരിക്കുക.

17. ഡിജിറ്റൽ ജീവിത ക്രമത്തിന് ഉതകും വിധം സൈബർ സുരക്ഷ, സ്വകാര്യത, ഇന്റർനെറ്റ് സ്വാതന്ത്ര്യം എന്നിവ ഉറപ്പാക്കുക. പരിശീലന ബോധവൽക്കരണ പരിപാടികൾ നടത്തുക, ഇലക്ട്രോണിക് പണമിടപാടുകൾ പ്രോത്സാഹിപ്പിക്കുക.

18. ആശുപത്രികളുടെ ദൈനംദിന പ്രവർത്തനത്തിലും സേവനങ്ങൾ നൽകുന്നതിലും വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തും. സർക്കാർ ആശുപത്രികൾ കമ്പ്യൂട്ടർവൽക്കരിക്കുകയും അവയെ തമ്മിൽ ബന്ധിപ്പിക്കുന്ന ശൃംഖല സംവിധാനം നടപ്പാക്കുകയും ചെയ്യും. വ്യക്തി സ്വകാര്യത ഉറപ്പാക്കിക്കൊണ്ട് തന്നെ രോഗ വിവരങ്ങൾ ശേഖരിച്ച് ആരോഗ്യ പ്രവർത്തനങ്ങളുടെ ആസൂത്രണത്തിനും നടത്തിപ്പിനും ഉള്ള സംവിധാനത്തിന് രൂപം നൽകുക.

19. ചെറുകിട ഇടത്തരം സംരംഭങ്ങളിലും പൊതു മേഖലയിലും സ്വതന്ത്ര ഓപ്പൺ സാങ്കേതിക വിദ്യകളുടെ ഉപയോഗം വർധിപ്പിക്കുക.

20. ഇലക്ട്രോണിക്സ് ഉല്പാദനത്തിന്റെയും നിർമ്മാണത്തിന്റെയും രംഗത്ത് ആഗോള ഹബ്ബായി മാറ്റാനുള്ള പദ്ധതികൾ ഉപയോഗിച്ച് വീട്ടമ്മമാർ ഉൾപ്പെടെ ഉള്ളവർക്കിടയിൽ ഇലക്ട്രോണിക്സ് ഉൽപ്പന്നങ്ങളുടെ നിർമാണം സാധ്യമാക്കുക.

21. ഇലക്ട്രോണിക്സ് രംഗത്തെ കെൽട്രോണിന്റെ പൂർവകാല മേൽക്കൈ വീണ്ടെടുക്കാൻ ഉതകും വിധം പ്രവർത്തനങ്ങൾ ശക്തമാക്കും. ശാസ്ത്രസാങ്കേതിക മേഖലകളിലെ നവീന പ്രവണതകൾക്കനുസരിച്ച് ഗവേഷണങ്ങൾക്കും ആധുനികവത്കരണത്തിനും കെൽട്രോണിനെ സജ്ജമാക്കുകയും വേണം.

22. ഐ.ടിയും ബയോടെക്നോളജിയും കൈകോർക്കുന്ന പുത്തൻ വിദ്യകളുടെ രംഗത്ത് ഗവേഷണസ്ഥാപനങ്ങൾ ആരംഭിക്കും. ഈ പുത്തൻ സാങ്കേതികവിദ്യകൾ കേരളത്തിൽ നിന്നും കയറ്റുമതി ചെയ്യുന്ന പഴം, പച്ചക്കറി, മത്സ്യം, സുഗന്ധവ്യഞ്ജനങ്ങൾ മുതലായവയുടെ ഗുണമേന്മയും സംസ്കരണവും ഉറപ്പാക്കുവാൻ പ്രയോജനപ്പെടുത്തും.

## 2.2. നയ ചാലകങ്ങൾ


1. പുത്തൻ സാങ്കേതിക പ്രവണതകളും നൂതനാശയങ്ങളും - നവീന സാങ്കേതിക വിദ്യകൾക്കൊപ്പം ഭാവി സങ്കേതങ്ങളെ കൂടി ഉൾക്കൊള്ളുന്ന ഡേറ്റാ അനലിറ്റിക്സ്, കോഗ്നിറ്റീവ് സയൻസസ്, മാസീവ് ഓപ്പൺ ഓൺലൈൻ കോഴ്സുകൾ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, സ്മാർട്ട് ടെക്നോളജി എന്നിവയുടെ സഹായത്തോടെ പൊതുജന സേവനങ്ങൾ കാര്യക്ഷമം ആക്കും. റോബോട്ടിക്സ്, ഫ്ലെക്സിബിൾ ഇലക്ട്രോണിക്സ്, പവർ ഇലക്ട്രോണിക്സ്, വെയറബിൾ ടെക്നോളജി, ഓട്ടോണോമസ് വാഹനങ്ങൾ, ത്രീ ഡി പ്രിന്റിങ്, സൈബർ സെക്യൂരിറ്റി, അക്വാപോണിക്സ് എന്നിവയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾക്ക് കൂടി ഇത് ഗുണം ചെയ്യും.

2. പൊതു ജന സേവനങ്ങൾ: സർക്കാർ സംവിധാനങ്ങളുമായുള്ള ആശയവിനിമയത്തിനും ഡിജിറ്റൽ സേവനങ്ങൾ ഉപയോഗിക്കുന്നതിനും സേവന അവകാശങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി ഒരു ഏക ജാലക ഡിജിറ്റൽ സംവിധാനം സ്ഥാപിക്കും. ജനങ്ങളുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളാവുന്ന രീതിയിൽ ആയിരിക്കും ഇതിന്റെ രൂപ കല്പന.

3. വ്യാവസായിക അന്തരീക്ഷം - സ്വച്ഛമായി തൊഴിലെടുത്തു ജീവിക്കാവുന്നതും മിതമായ നിരക്കിലുള്ളതുമായ, പശ്ചാത്തല സൗകര്യങ്ങൾ / സാഹചര്യങ്ങൾ ഒരുക്കുക എന്ന വ്യവസായ ലോകത്തിന്റെ നിരന്തരമായ ആവശ്യം പരിഗണിക്കും. അതോടൊപ്പം, പാഠ്യ പദ്ധതികൾ കാലാനുസൃതമായി പരിഷ്കരിക്കാൻ ഒരു വ്യവസായ- അക്കാദമിക് പങ്കാളിത്ത പദ്ധതിക്ക് രൂപം കൊടുക്കും. അത് വഴി പുതു തലമുറ വ്യവസായങ്ങൾക്ക് വളരാനുള്ള സാഹചര്യം കേരളത്തിൽ സൃഷ്ടിക്കും.

4. നൂതനാശയങ്ങളും പുത്തൻ സംരഭങ്ങളും പ്രോത്സാഹിപ്പിക്കുകയും വിവിധ ഉത്പാദന മേഖലകളിൽ ഇവയുടെ അർത്ഥവത്തായ ഇടപെടലിന് സൗകര്യമൊരുക്കുകയും ചെയ്യുക.

## 2.3. നയ രൂപ രേഖ




അതാതു മേഖലകൾക്ക് വേണ്ടിയുള്ള ഉപ-നയങ്ങൾ, ഇ--ഗവേണൻസ്, മാനവ വിഭവശേഷി, മാർക്കറ്റിംഗ്, പശ്ചാത്തല സൗകര്യ വിഭാഗങ്ങൾ എന്നിവ പ്രത്യേകമായി വിഭാവനം ചെയ്യും.

വിവര സാങ്കേതികവിദ്യ കൈകാര്യം ചെയ്യുന്ന നിലവിലുള്ള ഭരണ സംവിധാനങ്ങളുടെ ഉത്തരവാദിത്തങ്ങളും ചുമതലകളും പുതിയ നയത്തിന് അനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട് .

### 2.3.1. ഡിജിറ്റൽ ഭരണ സംവിധാനം [ഇ-ഗവേണൻസ്]

വിവിധ സർക്കാർ വകുപ്പുകൾക്കും പൗരശാക്തീകരണ നടപടികൾക്കും വേണ്ടിയുള്ള ആപ്ളിക്കേഷനുകൾ, പോർട്ടലുകൾ തുടങ്ങിയ ഡിജിറ്റൽ സംവിധാനങ്ങൾ ഒരുക്കുന്ന ചുമതല ഈ വിഭാഗത്തിനായിരിക്കും.

ജനങ്ങളെ സർക്കാരിന്റെ ഡിജിറ്റൽ/സാമ്പത്തിക സംവിധാനങ്ങളിൽ ഭാഗഭാക്കാക്കൽ, സ്മാർട്ട് വില്ലേജ്/പഞ്ചായത്തുകൾ എന്നിവയുടെ സാക്ഷാത്കാരം, സ്ത്രീകൾ/പിന്നോക്ക വിഭാഗങ്ങൾ/ ഭിന്നശേഷിക്കാർ എന്നിവരുടെ ശാക്തീകരണം എന്നിവ ഇതിലൂടെ സാധ്യമാകും. ഇതിനു അനുഗുണമായ നയ രൂപീകരണവും ഈ വിഭാഗം കൈകാര്യം ചെയ്യും.

### 2.3.2. മാനവ ശേഷി മൂലധന വികസനം

ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്, മൊബിലിറ്റി, അനലറ്റിക്സ്, സോഫ്റ്റ്വെയർ ഡെവലപ്മെന്റ്, ഹൈ എൻഡ് എംബഡഡ് ഇലക്ട്രോണിക്സ്, കോഗ്നിറ്റീവ് അവയർനെസ്സ് എന്നീ മേഖലകൾക്ക് വേണ്ടിയുള്ള മാനവ ശേഷി മൂലധന വികസനം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾ ഈ വിഭാഗം സംഘടിപ്പിക്കും.

വിദ്യാലയങ്ങൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അക്കാദമിക സമൂഹം എന്നിവയുമായി സർക്കാർ സഹകരിച്ചു പ്രവർത്തിക്കും. സംസ്ഥാനത്തിന്റെ മാനവ മൂലധന വികസനത്തിന് ആവശ്യമെങ്കിൽ പുതിയ സ്ഥാപനങ്ങളോ കേന്ദ്രങ്ങളോ സ്ഥാപിക്കും.

### 2.3.3. മാർക്കറ്റിംഗ്

വിജ്ഞാനാധിഷ്ഠിത വ്യവസായ മേഖലകളിലേക്ക് പുതിയ നിക്ഷേപങ്ങൾ ആകർഷിക്കുകയും, ഈ രംഗത്ത് പ്രവർത്തിക്കുന്ന ആഗോള വൻകിട സ്ഥാപനങ്ങളെ കേരളത്തിലേക്ക് കൊണ്ട് വരികയും ചെയ്യുക എന്നതാണ് ഈ വിഭാഗത്തിന്റെ ചുമതല. അതോടൊപ്പം, നൂതനാശയങ്ങളും സംരഭകത്വവും വഴിയുള്ള വ്യവസായ വളർച്ചയും ഉറപ്പ് വരുത്തണം. സുസ്ഥിര സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ ഉള്ള നടപടികളും ഈ വിഭാഗത്തിന്റെ ചുമതല ആയിരിക്കും.

### 2.3.4. പശ്ചാത്തല/അടിസ്ഥാന സൗകര്യ വികസനം

ഡിജിറ്റൽ കേരളത്തിന്റെ സാക്ഷാത്കാരത്തിന് ആവശ്യമായുള്ള സാങ്കേതിക/അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനം നടപ്പിലാക്കുന്നത് ഈ വിഭാഗമാണ്. ഡിജിറ്റൽ ദുരന്ത നിവാരണം, മൊബൈൽ, വൈ-ഫൈ, ഒപ്റ്റിക്കൽ ഫൈബർ ശൃംഖല മുതലായ എല്ലാ വിധ സൗകര്യങ്ങളും ഈ വിഭാഗം ഒരുക്കും. കൂടാതെ ഐടി പാർക്കുകളുടെ നിർമ്മാണം, പരിപാലനം മറ്റു സൗകര്യങ്ങൾ ലഭ്യമാക്കൽ എന്നിവയും ഇവരുടെ ചുമതല ആയിരിക്കും.

## 2.4. കാര്യനിർവാഹക ഘടന

കൃത്യമായി ക്രമീകരിച്ചതും, മിതവും ഫലപ്രദവുമായ ഒരു കാര്യനിർവഹണ സംവിധാനത്തിന് കീഴിലാകും ഈ ഐ ടി നയം നടപ്പിലാക്കുക. വിവിധ സംവിധാനങ്ങൾ അവരവരുടെ ചുമതലകളും, ഘടനയും നിശ്ചയിക്കുകയും അവ ഉപ-നയങ്ങളിൽ വ്യക്തമാക്കപ്പെടുകയും ചെയ്യും.

സംസ്ഥാനത്തെ വിവര സാങ്കേതിക വിദ്യാ വ്യാപനത്തിലും, അനുബന്ധ പ്രവർത്തനങ്ങളിലും ഐ ടി വകുപ്പ് മന്ത്രി നേതൃത്വപരമായ പങ്കു വഹിക്കും. . വകുപ്പ് മന്ത്രി ഉപദേശക സമിതി യോഗങ്ങളിൽ അധ്യക്ഷത വഹിക്കുകയും സമിതിയുടെ പ്രധാന തീരുമാനങ്ങൾ, ആവശ്യമെങ്കിൽ മന്ത്രി സഭയിൽ അവതരിപ്പിച്ചു അംഗീകാരം നേടുകയും ചെയ്യും.

### 2.4.1. ഡിജിറ്റൽ സർക്കാർ ഉപദേശക സമിതി

ഐ ടി , വാർത്താ വിനിമയം, മറ്റു പ്രധാന മേഖലകൾ എന്നിവയിൽ ഡിജിറ്റൽ ഉല്പന്നങ്ങളോ, സേവനങ്ങളോ വിജയകരമായി നടപ്പിലാക്കിയ വ്യക്തികളെ ഉൾപ്പെടുത്തിയാകും ഉപദേശക സമിതി രൂപീകരിക്കുക.

പൊതു ജനങ്ങൾക്കും, സ്വകാര്യ സംരംഭകർക്കും മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് ആവശ്യമായ നിർദേശങ്ങൾ സ്വരൂപിക്കാൻ ഈ സമിതി ത്രൈമാസ യോഗങ്ങൾ ചേരും. ഡിജിറ്റൽ രംഗത്തെ ഏറ്റവും പുതിയ പ്രവണതകൾ പൊതു ജന സേവനങ്ങൾക്കായി എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിനെ സംബന്ധിച്ച നിർദേശങ്ങളും സമിതി സർക്കാരിന് നൽകും. വ്യവസായങ്ങളെയും, അത്യന്താധുനിക പ്രവണതകളെയും സംബന്ധിച്ച അറിവും പരിജ്ഞാനവും , വൈദഗ്ധ്യവും സർക്കാരുമായി പങ്കു വെക്കുന്ന ഒരു സാങ്കേതിക സംവിധാനമായി സമിതി പ്രവർത്തിക്കും.

സംസ്ഥാനത്തിന്റെ സമഗ്ര ഐ ടി വികസനം ഉറപ്പാക്കാനും, ഡിജിറ്റൽ/ഐ ടി പ്രവർത്തനങ്ങൾ കേന്ദ്രീകൃത സംവിധാനത്തിന് കീഴിൽ കൊണ്ട് വരാനും, ഏകോപിപ്പിക്കാനും സമിതി ജനപ്രതിനിധികളുമായി യോജിച്ചു പ്രവർത്തിക്കും. വിശദമായ പദ്ധതി നടത്തിപ്പ് മാർഗ്ഗരേഖാ രൂപീകരണം, പ്രവർത്തന ചട്ടക്കൂട്, ഭരണ നിർവഹണ മാതൃകകൾ എന്നിവ രൂപപ്പെടുത്തുന്നതിൽ സമിതിക്കു നിർണായക

പങ്കുണ്ടാകും. സർക്കാർ സേവന പദ്ധതികളുടെയും സംവിധാനങ്ങളുടെയും കാലോചിതമായ നടപ്പിലാക്കൽ, പരിഷ്കരണം, കാര്യക്ഷമത ഉറപ്പാക്കൽ, സമയ ബന്ധിതവും സുതാര്യവുമായ പ്രവർത്തനം എന്നിവ സമിതി നിരീക്ഷിക്കും

## 2.4.2.ഐടി സെക്രട്ടറി

സർക്കാരിന്റെ ഡിജിറ്റൽ സംവിധാനങ്ങളുടെ സംരക്ഷണവും വിന്യാസവും കൈകാര്യം ചെയ്യുന്ന ഏറ്റവും മുതിർന്ന ഉദ്യോഗസ്ഥൻ ആയിരിക്കും ഐടി സെക്രട്ടറി.

കേരളത്തിലെ ഐ ടി വകുപ്പിന് കീഴിൽ ഉള്ള വിവിധ സർക്കാർ സ്ഥാപനങ്ങളെ പുനക്രമീകരിച്ച താഴെ പറയും വിധം നാലു പ്രധാന ഘടകങ്ങളായി കാണുന്നതാണ്.

## 2.4.3. ഇ- ഗവേണൻസ്

സംസ്ഥാനത്തിന്റെ ഇ-ഗവേണൻസ് മേധാവി എന്ന നിലയിൽ ഐ ടി മിഷൻ ഡയറക്ടറുടെ ചുമതലകൾ പുനർ നിർവചിക്കേണ്ടതുണ്ട് . സംസ്ഥാനത്തെ എല്ലാ ഇ - ഗവേണൻസ് പ്രവർത്തനങ്ങൾക്കും മുൻകൈ എടുക്കേണ്ടത് ഐ ടി മിഷൻ ആണ്. മറ്റു ഡിപ്പാർട്ടുമെന്റിലെയും പ്രൊജെക്ടുകൾക്കു ഐ ടി മിഷൻ നേരിട്ടും എസ്.ഇ.എം.ടി പോലുള്ള ഉപ ഘടകങ്ങൾ വഴിയും സഹായിക്കേണ്ടതാണ്

## 2.4.4. ഐ ടി പാർക്കുകൾ

സംസ്ഥാനത്തിന്റെ ഐ ടിയിലെ ഭൗതിക സംവിധാനങ്ങൾ ഉൾപ്പെടുന്ന വാണിജ്യ സ്ഥാപനമെന്ന നിലയിൽ ഐ ടി പാർക്കിന്റെ ചുമതലകൾ പുനർ നിർവചിക്കേണ്ടതുണ്ട്. കേരളം ഐ ടി എന്ന ഒരു ബ്രാൻഡിൽ എല്ലാ ഐ ടി പാർക്കുകളുടെയും ( ടെക്നോപാർക്, ഇൻഫോപാർക് , സൈബർപാർക് ) പ്രവർത്തനങ്ങൾ ഏകീകരിക്കുകയും, വിഭവങ്ങൾ (മാനവശേഷി, റിസോഴ്സുകൾ, മറ്റു വരുമാന സാധന സാമഗ്രികൾ) ഏറ്റവും ക്രിയാത്മകമായി ഉപയോഗിക്കുകയും വേണം.

## 2.4.5. മാനവശേഷി വികസനം

സംസ്ഥാനത്തിന്റെ ഐ ടി മാനവ വിഭവ വികസനം, നൈപുണ്യ വികസനം, ഉന്നത വിദ്യാഭാസ കേന്ദ്രങ്ങൾ, സ്വതന്ത്ര ഓപ്പൺ സോഴ്സ് മേഖലയിൽ ഔന്നത്യം, പുതു സംരംഭകത്വ വികസനം തുടങ്ങിയ മേഖലകളിൽ ആണ് ഐ സി ടി അക്കാഡമി , ഐ.ഐ. ഐ. ടി. എം. കെ. , ഐ സി ഫോസ് , കേരള സ്റ്റാർട്ടപ്പ് മിഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ കൂട്ടായ പ്രവർത്തനം ഈ മേഖലയിൽ അനിവാര്യമാണ്

## 2.4.6. അടിസ്ഥാന പശ് ചാത്തല വികസനം

ഐ ടി മേഖലയിലെ അടിസ്ഥാന പശ്ചാത്തല വികസനത്തിനുള്ള സ്ഥാപനമായി കെ. എസ്. ഐ. ടി. ഐ. എൽ. മാറുകയും നിർമ്മാണം, കണക്റ്റിവിറ്റി തുടങ്ങിയ എല്ലാ വികസനപ്രവർത്തനങ്ങളും ഈ സ്ഥാപനം മുഖേന ആകുകയും ചെയ്യും.

### 2.4.7. ഫല സൂചികകളും മാനദണ്ഡങ്ങളും

മേല്പറഞ്ഞ ഓരോ വിഭാഗത്തിനും മാനദണ്ഡങ്ങൾ പ്രത്യേകമായി നിർവചിക്കേണ്ടതുണ്ട്.

## 2.5. പ്രധാന പ്രവർത്തന മേഖലകൾ

മൂന്നു പ്രധാന നേട്ടങ്ങളാണ് നയം ലക്ഷ്യം വെക്കുന്നത്. ഡിജിറ്റൽ സാങ്കേതിക വിദ്യ വഴി ശാക്തീകരിക്കപ്പെട്ട 1. പൗര സമൂഹം; 2. ജീവിത ശൈലി; 3. വാണിജ്യം.

വൈജ്ഞാനിക ശാക്തീകരണം നേടിയ ഡിജിറ്റൽ സമൂഹം എന്ന ലക്ഷ്യം കൈവരിക്കാൻ സംസ്ഥാനം നടത്തുന്ന മുഴുവൻ പ്രവർത്തനങ്ങളും ഈ മൂന്നു മേഖലകളിൽ ഉൾക്കൊള്ളും.

## 2.6. ഉപനയങ്ങളും മാർഗ രേഖകളും

ഈ നയത്തിന്റെ ചുവടു പിടിച്ചു താഴെ പറയുന്ന ഉപനയങ്ങളും മാർഗ രേഖകളും തയ്യാറാക്കേണ്ടതാണ്.

1. ഇലക്ട്രോണിക്സ് ഭരണ നിർവഹണ നയം
2. വ്യവസായികോദ്ധാരണ നയം
3. ഡിജിറ്റൽ വ്യാപന നയം.
4. ഫോസ് (സ്വതന്ത്ര സോഫ്റ്റ് വെയർ) നയം
5. നൂതനാശയ സംരംഭകത്വ നയം
6. ഡിജിറ്റൽ വിഭവ നയം
7. ഡിജിറ്റൽ ടെണ്ടർ നയം
8. സൈബർ സുരക്ഷയും, ദുരിത നിവാരണവും പുനപ്രാപ്തിയും

## 3. ഡിജിറ്റൽ സാങ്കേതിക വിദ്യയാൽ ശാക്തീകരിക്കപ്പെട്ട പൗര സമൂഹം

### 3.1. ഡിജിറ്റൽ വ്യക്തിത്വം

1. ആധാർ നമ്പർ എല്ലാ സർക്കാർ സംവിധാനങ്ങളും ആയി ബന്ധിപ്പിക്കാൻ ഉള്ള നടപടി സർക്കാർ കൈക്കൊള്ളും.
2. മൊബൈൽ സംവിധാനങ്ങൾ ഉപയോഗിച്ച് സർക്കാർ സേവനങ്ങൾ ഉപയോഗിക്കാൻ ജനങ്ങളെ പ്രാപ്തരാക്കും.
3. ആധാർ ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് കെ. വൈ. സി. സംവിധാനം നടപ്പിൽ വരുത്തുകയും, സബ്സിഡികളും ആനുകൂല്യങ്ങളും വിതരണം ചെയ്യാനായി അതുപയോഗിക്കുകയും ചെയ്യും. എന്നാൽ ആധാറിന്റെ, അഭാവത്തിൽ ജനങ്ങൾക്ക് മറ്റ് അടിസ്ഥാന രേഖകളുടെ ബലത്തിൽ സേവനം ലഭ്യമാക്കുന്നതാണ്. ആധാർ ഇല്ലാത്ത കാരണത്താൽ സർക്കാരിന്റെ സേവനങ്ങൾ നിഷേധിക്കപ്പെടുന്നതല്ല.

### 3.2. പങ്കാളിത്ത ഡിജിറ്റൽ ഭരണ സംവിധാനം

1. പൊതുജന സർക്കാർ ഇടപെടലുകൾ ഒരു ഏക ജാലക പോർട്ടൽ വഴി ആക്കാൻ ഉള്ള നടപടികൾ സർക്കാർ കൈക്കൊള്ളും .
2. സെക്രട്ടേറിയറ്റിലെ എല്ലാ വിധ ഫയൽ ഇടപാടുകളും ഇലക്ട്രോണിക് സംവിധാനം വഴിയാക്കാൻ ഇടപെടും.
3. സർക്കാർ വകുപ്പുകളുടെയും, പൊതു മേഖല സ്ഥാപനങ്ങളുടെയും കമ്പ്യൂട്ടർവൽക്കരണം സമയബന്ധിതം ആയി പൂർത്തിയാക്കും.

### 3.3. ഏകജാലക സർക്കാർ പോർട്ടൽ

പൊതുജന സർക്കാർ ഇടപെടലുകൾ ഒരു ഏക ജാലക പോർട്ടൽ വഴി ആക്കാൻ ഉള്ള നടപടികൾ സർക്കാർ കൈക്കൊള്ളും. സർക്കാർ സംവിധാനങ്ങളെ കുറിച്ചുള്ള എല്ലാ വിവരങ്ങളും പൊതുജനങ്ങൾക്ക് ഈ പോർട്ടലിൽ നിന്ന് വേഗത്തിലും എളുപ്പത്തിലും ലഭ്യമാവും. സേവനങ്ങൾ, ആനുകൂല്യങ്ങൾ, പരാതികൾ, വിവിധ സേവനങ്ങൾക്കുള്ള പണം ഒടുക്കൽ, ഇത്തരം സംവിധാനങ്ങൾ എല്ലാം ഉൾക്കൊള്ളുന്ന ഒന്നാവും ഈ പോർട്ടൽ.. ജനങ്ങൾക്ക് മുൻപിൽ സർക്കാരിന്റെ ഡിജിറ്റൽ മുഖം ആയി മാറാൻ ഈ പോർട്ടലിനു കഴിയും.

### 3.4. സ്വതന്ത്ര ഓപ്പൺ സോഫ്റ്റ് വെയറുകളുടെ ഉപയോഗവും ഉല്പാദനവും

സർക്കാരിന്റെ നയ രൂപീകരണത്തിലും പ്രവർത്തനങ്ങളിലും സ്വതന്ത്ര ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയറുകളുടെ പങ്ക വളരെ നിർണായകമാണ്. അത്തരം സാങ്കേതിക വിദ്യകളെ പ്രോത്സാഹിപ്പിക്കുകയും അതിലേക്കെത്താൻ നടപടികൾ സ്വീകരിക്കുക എന്നതുമാവും സർക്കാർ നയം. പൊതു മുതൽ ഉപയോഗിച്ച് നിർമ്മിക്കുന്ന വിവര സാങ്കേതിക സംവിധാനങ്ങളിൽ ഇത്തരം സോഫ്റ്റ് വെയറുകളുടെ ഉപയോഗം നിർബന്ധം ആക്കും. ഈ മേഖലയിൽ 2007-ലെ ഐ.ടി നയം വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ നടപ്പിൽ വരുത്താനുള്ള നടപടികൾ കൈക്കൊള്ളും.

## 3.5. സർക്കാർ സേവന സംവിധാനം

വിവിധ മാർഗങ്ങൾ വഴി സർക്കാർ സേവനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കാനുള്ള ഒരു ബഹുമുഖ പദ്ധതി ആണ് ഈ നയം വിഭാവനം ചെയ്യുന്നത്. വെബ് പോർട്ടൽ, മൊബൈൽ ആപ്ലിക്കേഷൻസ്, അക്ഷയ കേന്ദ്രങ്ങൾ, ജന സേവന കേന്ദ്രങ്ങൾ, കാൾ സെന്ററുകൾ മുതലായ നൂതന സാങ്കേതിക വിദ്യകൾ കോർത്തിണക്കിയ ഒരു പദ്ധതി. ദൃഢതയാർന്ന ഒരു വിവര വിനിമയ ശൃംഖലക്ക് മേലെ ആയിരിക്കും ഈ ഏക ജാലക സേവന സംവിധാനം നിലവിൽ വരിക.

സർക്കാർ തലത്തിലുള്ള ആപ്ലിക്കേഷനുകൾ, കേന്ദ്ര ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പിന്റെ (DeitY) മാനദണ്ഡങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പ് വരുത്തും. അതുവഴി അവയുടെ പരസ്പരം ഉള്ള ആശയ വിനിമയവും സാധ്യമാക്കും.

## 3.6. ഇലക്ട്രോണിക് സേവനങ്ങൾ

വലിയ തോതിൽ ഉപയോഗിക്കപ്പെടുന്ന കൗണ്ടർ സേവനങ്ങൾ പരമാവധി ഓൺലൈൻ ആക്കുക എന്നതായിരിക്കും സർക്കാർ നയം. ഒറ്റ തവണ മാത്രം പ്രസിദ്ധപ്പെടുത്തേണ്ട സർട്ടിഫിക്കറ്റുകൾ സർക്കാർ മുൻകൈ എടുത്തു ഉണ്ടാക്കുകയും അവയെ ഒരു സംസ്ഥാന ഡിജിറ്റൽ ലോക്കറിൽ സൂക്ഷിക്കുകയും ചെയ്യും. ജനങ്ങൾക്ക് എളുപ്പത്തിൽ എടുത്തു ഉപയോഗിക്കത്തക്ക വിധം ആവും ഇതിന്റെ നിർമിതി. എല്ലാ വിധ സർട്ടിഫിക്കറ്റുകളും ഒരു പൊതു പൗര വിവര ഡാറ്റാ സെന്ററിൽ നിന്ന് ജനങ്ങൾക്ക് സ്വയം കണ്ടെത്താനുള്ള സംവിധാനം നിലവിൽ വരും. ജന സേവന കേന്ദ്രങ്ങൾ ഉപഭോക്താക്കളുടെ പ്രതികരണങ്ങൾ ഉടനടി രേഖപ്പെടുത്തുകയും അവ പരിശോധിച്ച് വേണ്ട പരിഹാരങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്യും.

## 3.7. ജന സേവന കേന്ദ്രങ്ങൾ

സർക്കാർ സംവിധാനങ്ങൾ ജനങ്ങളിലേക്കും, ബിസിനസ്സുകളിലേക്കും എത്തിക്കുന്നതിലും ആ പ്രക്രിയയിൽ ഒരു ഏക ജാലക സംവിധാനമായി പ്രവർത്തിക്കുന്നതിലും അക്ഷയ സെന്ററുകൾ വഹിച്ച പങ്കു നിസ്തുലമാണ്. ഇതിന്റെ അടുത്ത പടിയെന്ന നിലയിൽ കൂടുതൽ വ്യാപകവും പക്വതയാർന്നതുമായ പൂർണ്ണ ജനസേവന കേന്ദ്രം എന്ന നിലയിലേക്ക് അക്ഷയ സെന്ററുകളെ രൂപാന്തരപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നു. സർക്കാരിന്റെ ഭൂരിഭാഗം സേവനങ്ങളും ഈ സെന്ററുകൾ വഴി ജനങ്ങളിൽ എത്തിക്കും.

## 3.8. മൊബൈൽ ഭരണ സംവിധാനങ്ങൾ

രാജ്യത്ത് ഏറ്റവും മൊബൈൽ സാന്ദ്രതയുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. അതുകൊണ്ടു തന്നെ സർക്കാർ സേവനങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമായി മൊബൈൽ സംവിധാനങ്ങൾ സർക്കാർ ഉപയോഗിക്കും. ഇതിൽ അടിസ്ഥാനഭാഷയായി മലയാളം ഉപയോഗിക്കും. ഇംഗ്ലീഷും മറ്റു ഭാഷാന്യൂനപക്ഷങ്ങളുടെ ഭാഷയും ഉണ്ടാകും. ഇനി പറയുന്ന കാര്യങ്ങളാണ് സർക്കാർ ഇതിലൂടെ ലക്ഷ്യം വയ്ക്കുന്നത്:

1. നിലവിലുള്ള ഇലക്ട്രോണിക് സേവനങ്ങൾ എളുപ്പത്തിൽ ജനങ്ങളിൽ എത്തിക്കാൻ മൊബൈൽ സംവിധാനങ്ങൾ ഉപയോഗിക്കുക.
2. പുതിയ സേവനങ്ങളോ സംവിധാനങ്ങളോ ഏർപ്പെടുത്തുമ്പോൾ മൊബൈൽ പ്ലാറ്റ്ഫോമിന് മുൻഗണന നല്കുക.
3. കൂടുതൽ സേവനങ്ങൾ മൊബൈൽ ഗവേണൻസ് വഴി ലഭ്യമാക്കുക.
4. സർക്കാരും ജനങ്ങളും തമ്മിലുള്ള സുഗമമായ സംവേദനത്തിനു മൊബൈൽ സംവിധാനങ്ങൾ ഉപയോഗിക്കുക.

5. സേവനങ്ങളുടെ കാര്യക്ഷമമായ ആസൂത്രണത്തിനും നിർവഹണത്തിനും ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്, സോഷ്യൽ മീഡിയ തുടങ്ങിയ പുത്തൻ സാങ്കേതിക സങ്കേതങ്ങൾ ഉപയോഗിക്കുക.

## 3.9. ഇലക്ട്രോണിക് വിഭവ സമാഹരണം

വിഭവ സമാഹരണ നടപടികളിൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാൻ ഇ-വിഭവ സമാഹരണ സംവിധാനം ശക്തിപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇത് വഴി വാങ്ങൽ നടപടികൾ നിരന്തരമായി നിരീക്ഷിക്കാൻ നമുക്ക് കഴിയും. ഭാവിയിൽ ഇത്തരം ഇടപാടുകൾ ഒരു സർക്കാർ ഇലക്ട്രോണിക് വിപണി വഴി ആയിരിക്കും കൈകാര്യം ചെയ്യുക.

## 3.10. സ്മാർട് ഗ്രാമങ്ങൾ / പഞ്ചായത്തുകൾ

നഗരങ്ങൾക്കൊപ്പം ഗ്രാമങ്ങൾ കൂടി അഭിവൃദ്ധി കൈവരിക്കുമ്പോഴാണ് സമഗ്ര വികസനം സാധ്യമാകുന്നത്. ഇത്തരത്തിൽ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളിച്ചുള്ള വികസനം ലക്ഷ്യംവെച്ച് സ്മാർട് ഗ്രാമങ്ങൾ/ പഞ്ചായത്തുകൾ എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കും.

## 3.11. സാമ്പത്തിക ഉൾക്കൊള്ളലും മൊബൈൽ ബാങ്കിങ്ങും

1. സാമ്പത്തിക സേവനങ്ങൾ എല്ലാവരിലേക്കും എത്തിക്കാനും എല്ലാ തട്ടിലുള്ള ജനങ്ങളെയും ഇത്തരം സംരംഭങ്ങളിൽ ഉൾക്കൊള്ളിക്കാനും സർക്കാർ ശ്രദ്ധപതിപ്പിക്കും.

2. സർക്കാരും ജനങ്ങളും തമ്മിലുള്ള പണമിടപാടുകൾക്ക് ഓൺലൈൻ, മൊബൈൽ ബാങ്കിങ് സംവിധാനങ്ങൾ ഉപയോഗിക്കും.

# 4. ഡിജിറ്റൽ ജീവിതക്രമം

## 4.1 ഡിജിറ്റൽ സാക്ഷരത

വിവരസാങ്കേതിക മേഖലക്ക് ഏറ്റവും ആവശ്യമായ മൂലധനമാണ് മാനവവിഭവശേഷി. അക്കാദമിക സമൂഹവും വ്യവസായലോകവും തമ്മിൽ കൂടുതൽ സഹകരണം സാധ്യമാക്കിയതിലൂടെ ഉന്നത നിലവാരമുള്ള മാനവവിഭവശേഷി സംഭരിക്കാൻ നമുക്ക് കഴിഞ്ഞു. ഈ രംഗത്ത് സൃഷ്ടിപരമായ ഇടപെടലുകൾ നടത്തി കൂടുതൽ വ്യവസായങ്ങൾ കേരളത്തിലേക്ക് വരാനുള്ള സാഹചര്യം സർക്കാർ സൃഷ്ടിക്കും.

1. ഐസിടി അക്കാദമിയെ ശക്തിപ്പെടുത്തുക
   - ദേശീയ, അന്തർദേശീയ സർവകലാശാലകളും ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക.
   - എഞ്ചിനീയറിംഗ് പാഠ്യ പദ്ധതിയിൽ സംരംഭകത്വം ഒരു വിഷയമായി ഉൾപ്പെടുത്തുക.
   - ഓൺലൈൻ കോഴ്സുകൾ പ്രോത്സാഹിപ്പിക്കും.
   - മികച്ച ഓൺലൈൻ കോഴ്സുകൾ തെരഞ്ഞെടുക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അക്കാദമിക് സമിതികൾക്ക് നല്കുക.
2. വ്യവസായ ലോകം അംഗീകരിച്ച ഓൺലൈൻ കോഴ്സുകൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുക.
3. നാനോ ടെക്നോളജി, ബയോ ടെക്നോളജി എന്നിവയെ വിവര സാങ്കേതിക വിദ്യയുമായി സമന്വയിപ്പിച്ച് നല്കാവുന്ന കോഴ്സുകൾ ആരംഭിക്കുക. ഈ രംഗത്തെ ഗവേഷണം പ്രോത്സാഹിപ്പിക്കുക.

4. കമ്പനികൾ ഐടി വിദ്യാർത്ഥികൾക്ക് വ്യവസായ പരിശീലനം നല്കാൻ നിബന്ധന ചെയ്യുകയും ഇതിനായി മുന്നോട്ടു വരുന്നവർക്ക് പ്രതിഫലം നല്കുകയും ചെയ്യണം.
5. ഐടി വിദ്യാഭാസ രംഗത്ത് മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കണം.
6. ഐ സി ഫോസ്സിനെ ഓപ്പൺ സോഴ്സ് സോഫ്റ്റ് വെയർ ഗവേഷണ രംഗത്തെ മികവുറ്റ അന്താരാഷ്ട്ര കേന്ദ്രമായി വളർത്തണം.
7. ഐ സി ടി സാധ്യത പ്രയോജനപ്പെടുത്തി ഭിന്നശേഷി ഉള്ളവരുടെ ജോലി സാധ്യത വർധിപ്പിക്കുന്നതിനും ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഉള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കും

## 4.2 വിദ്യാഭാസ കേന്ദ്രങ്ങൾ തമ്മിലുള്ള വിനിമയ ശൃംഖല

സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭാസ കേന്ദ്രങ്ങൾ ടെലിപ്രസൻസ് / വീഡിയോ കോൺഫറൻസ് ശൃംഖല വഴി ബന്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. വിദൂര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈ ശൃംഖലയുമായി ബന്ധിപ്പിച്ച പോർട്ടലുകൾ സ്ഥാപിക്കും.

## 4.3 തദ്ദേശ ശൃംഖലകൾ

1. സുരക്ഷ, ആരോഗ്യം, റവന്യൂ, നികുതി മുതലായ സാമൂഹ്യ പ്രസക്തിയുള്ള മേഖലകൾക്കുവേണ്ടി സോഫ്റ്റ്വെയർ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവരെ പ്രത്യേകം പ്രോത്സാഹിപ്പിക്കും.
2. ജനങ്ങളുടെ അഭിപ്രായം സ്വരൂപിക്കാനും അതുവഴി ഭരണനിർവഹണത്തിൽ മുൻഗണനാ ക്രമം നിശ്ചയിക്കാനും പുതിയ സംവിധാനം നിലവിൽ വരും.

## 4.4 തദ്ദേശ വിജ്ഞാന ശേഖരം

1. പൊതുജനങ്ങളുടെ ആവശ്യത്തിന് അനുയോജ്യമായ രീതിയിൽ സാങ്കേതികവിദ്യകളും അറിവുകളും തദ്ദേശവല്കരിക്കും.
2. തുഞ്ചത്ത് എഴുത്തച്ഛൻ സർവകലാശാലയുമായി യോജിച്ച് മലയാളം കംപ്യൂട്ടിങ്ങിൽ മികവിന്റെ കേന്ദ്രം സ്ഥാപിക്കും.
3. മലയാളം കംപ്യൂട്ടിങ്ങിലെ ഗവേഷണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും.
4. വിക്കി പീഡിയയിൽ മലയാളം ഉള്ളടക്കത്തിന്റെ അളവ് കൂട്ടുന്നതിന് സർക്കാർ മുൻകൈ എടുക്കും
5. സർക്കാരിന് വേണ്ടി വികസിപ്പിക്കുന്ന അപ്ലിക്കേഷനുകളുടെ ഒരു സോഴ്സ് കോഡ്/ഡോക്യുമെന്റ് റെപ്പോസിറ്ററി സ്ഥാപിക്കും

# 5. ഡിജിറ്റൽ കൊമേഴ്സ്

## 5.1. ഇ-കൊമേഴ്സ് നയം

സംസ്ഥാനത്തു ഇ-കൊമേഴ്സിന്റെ വളർച്ച ഉറപ്പാക്കുന്ന തരത്തിൽ സർക്കാർ നയരൂപീകരണം നടത്തും. ഈ രംഗത്തെ നിയമങ്ങളും ചട്ടങ്ങളും സ്വാംശീകരിക്കുന്നതാവും ഈ നയം.

## 5.2. മൊബൈൽ കൊമേഴ്സ്

പൊതുജനങ്ങൾക്കിടയിൽ ഉണ്ടായ മൊബൈൽ സാന്ദ്രത ഉപയോഗപ്പെടുത്തിക്കൊണ്ട് ഇലക്ട്രോണിക് കോമേഴ്സിന്റെ വിപുലീകരണമായി ഒരു എം-കൊമേഴ്സ് നയത്തിന് സർക്കാർ രൂപം കൊടുക്കും. ഇതിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിന്റെ ഭാഗമായി ഇനി പറയുന്ന മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിക്കും.

1. വാർത്താ വിനിമയ സൗകര്യങ്ങൾ -ഇന്റർനെറ്റ് ബാൻഡ് വിഡ്ത്-ഉൾപ്പെടെ.
2. വിവിധ ആപ്ലിക്കേഷനുകൾക്കുള്ള സാങ്കേതിക പശ്ചാത്തല സൗകര്യം.
3. എം-കൊമേഴ്സ് സഹായികൾ - പേയ്മെന്റ് ഗേറ്റ് വേ- പോലെയുള്ളവ.

## 5.3. ഇലക്ട്രോണിക് ബിസിനസ് സഹായം

ബിസിനസ് - ടു ബിസിനസ്, ബിസിനസ്- ടു സർക്കാർ മേഖലകളിൽ ഇന്റർനെറ്റ് വഴിയുള്ള പദ്ധതി നടപടി ക്രമങ്ങൾ പ്രോത്സാഹിപ്പിക്കും. ഉൽപ്പന്നങ്ങളുടെയും സേവനങ്ങളുടെയും വാങ്ങൽ വിൽക്കലുകൾ (സർക്കാർ ഇടപാടുകൾ ഉൾപ്പടെ), വിതരണം, സേവനം, പണമിടപാടുകൾ, ഉത്പാദന നടത്തിപ്പ്, പങ്കാളികളുമായുള്ള സഹകരണം, വിവരശേഖരണവും പങ്കുവെക്കലും എന്നിവയ്ക്ക് പുറമെ മറ്റ് നടപടികളും ഈ ചട്ടക്കൂടിനു കീഴിൽ വരും. പൊതുവായ സാങ്കേതിക സൗകര്യങ്ങൾ പങ്കുവയ്ക്കാനും സോഫ്റ്റ് വെയറുകൾ സേവനം എന്ന രീതിയിൽ ഉപയോഗിക്കാനും ചെറുകിട, ഇടത്തരം സംരംഭങ്ങളെ സർക്കാർ പ്രോത്സാഹിപ്പിക്കും. ഇത് വഴി അവരുടെ പ്രവർത്തന ചെലവ് കുറയ്ക്കാനും കാര്യക്ഷമത ഉയർത്താനും കഴിയും എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

## 5.4. നൂതനാശയങ്ങളും സംരംഭകത്വവും

വിവരസാങ്കേതികവിദ്യ രംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന അനുസ്യൂതമായ വളർച്ചയ്ക്ക് അനുസൃതമായി രൂപപ്പെടുന്ന നൂതനാശയങ്ങളേയും സംരംഭകത്വങ്ങളേയും പ്രോത്സാഹിപ്പിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സമൂഹത്തെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും സഹായത്തോടെ പരിഹരിക്കുന്ന ഒരു തലമുറയെ രൂപപ്പെടുത്താനാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇതിനായി ഇനി പറയുന്ന കാര്യങ്ങൾ ചെയ്യും.

1. നൂതനാശയങ്ങളും അവയുടെ ആവിഷ്കാരവും പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം സൃഷ്ടിക്കുക.
2. വിദ്യാർത്ഥികളുടെ ഇടയിൽ നൂതനാശയങ്ങൾ വഴിയുള്ള സംരംഭകത്വം പ്രോത്സാഹിപ്പിക്കുക.
3. വ്യവസായത്തെയും ഗവേഷണ സ്ഥാപനങ്ങളെയും ഈ പ്രക്രിയയിൽ പങ്കാളികളാക്കുക.

## 5.5. ടെക്നോളജി ഇന്നവേഷൻ സോൺ

നൂതനാശനങ്ങളുടെയും സംരംഭകരുടെയും സ്റ്റാർട് അപ്പുകളുടെയും ആവശ്യങ്ങൾ മനസ്സിലാക്കാനും അതിനു അനുസരിച്ചുള്ള സാഹചര്യങ്ങൾ ഒരുക്കാനും ടെക്നോളജി ഇന്നോവേഷൻ സോൺ സ്ഥാപിക്കും. ഇനി പറയുന്നവ ആയിരിക്കും ഇതിന്റെ ലക്ഷ്യങ്ങൾ.

1. സാങ്കേതിക വിദഗ്ധരെയും സംരംഭകരേയും ഒത്തിണക്കി സ്റ്റാർട്ട് അപ്പ് സമൂഹം ശക്തിപ്പെടുത്തും.

2. അന്താരാഷ്ട്ര കൂട്ടായ്മകളുമായും ഗവേഷണ കേന്ദ്രങ്ങളുമായും ബന്ധം സ്ഥാപിക്കും.

3. കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്താൻ അന്താരാഷ്ട്ര നിലവാരത്തിൽ ഉള്ള സൗകര്യങ്ങളും മാനവവിഭവ ശേഷിയും ഉറപ്പുവരുത്തും.

4. ലോകോത്തര നിലവാരമുള്ള ലാബും മറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തും.

## 5.6. ഗ്രാൻഡ് ഇന്നവേഷൻ ചലഞ്ച്

സംസ്ഥാനത്തെ പൊതുജനങ്ങൾക്കിടയിൽ നിന്നും മികച്ച ആശയങ്ങൾ കണ്ടെത്തുന്നതിന് ഗ്രാൻഡ് ഇന്നോവേഷൻ ചലഞ്ച് എന്ന പേരിൽ ഒരു വാർഷിക മത്സരം സംഘടിപ്പിക്കും. വിജയികൾക്ക് ആശയങ്ങൾ നടപ്പിലാക്കാനുള്ള മൂലധനവും പിന്തുണയും സർക്കാർ ഉറപ്പു വരുത്തും.

## 5.7. വ്യവസായ വികസനവും തൊഴിൽ അവസരങ്ങളും

കേരളത്തെ ഒരു വിജ്ഞാനാധിഷ്ഠിത സമൂഹമായി പരിവർത്തനം ചെയ്യുന്നതിലും, പുത്തൻ സാങ്കേതികവിദ്യയുടെ വ്യാപനത്തിലും, വിവര സാങ്കേതിക മേഖല വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. സമ്പൂർണ സാക്ഷരത, ആരോഗ്യകരമായ അന്തരീക്ഷം, മികച്ച ക്രമസമാധാന നില, കുറഞ്ഞ ജീവിതച്ചെലവ് എന്നിവ ഉയർത്തിക്കാട്ടി കേരളത്തെ ഒരു മികച്ച ഐടി നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാർക്കറ്റ് ചെയ്യാനുള്ള ശ്രമങ്ങൾ ഊർജ്ജിതപ്പെടുത്തും. ഉയർന്ന വിദ്യാഭ്യാസ നിലവാരവും തൊഴിൽ നൈപുണ്യവും ഉള്ള യുവജനങ്ങൾക്ക് യോജിച്ച തൊഴിൽ മേഖലകൾ വളർത്തിയെടുക്കും. ദ്വിവിധമായ ഒരു സമീപനമാകും ഇവിടെ സ്വീകരിക്കുക.

1. സാങ്കേതിക സർവകലാശാലയും കോളേജുകളുമായും സഹകരിച്ച് വ്യവസായങ്ങൾക്ക് അനുയോജ്യമായ തൊഴിൽ വൈദഗ്ധ്യം വിദ്യാർത്ഥികളിൽ ഉറപ്പുവരുത്തും.

2. വ്യവസായങ്ങളുടെ നിർദ്ദേശങ്ങൾ പരിഗണിച്ചു പാഠ്യ പദ്ധതികൾ പരിഷ്കരിക്കും.

## 5.8. ഓൺലൈൻ വിപണന കേന്ദ്രം

സംസ്ഥാനത്തെ ചെറുകിട, ഇടത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി കണ്ടെത്താൻ ഒരു ഓൺലൈൻ വിപണന കേന്ദ്രം സ്ഥാപിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

## 5.9. കേരള ആപ് സ്റ്റോർ

പൊതുജന സേവനങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന ആപ്ലിക്കേഷനുകളുടെ ഒരു ശേഖരം സർക്കാരിന് കീഴിൽ സ്ഥാപിക്കും.

## 5.10. ഐടി വ്യവസായ പ്രോത്സാഹന നടപടികൾ

ഐടി വ്യവസായ മേഖലയിൽ ത്വരിതമായ വളർച്ച ഉറപ്പുവരുത്താൻ ഇനി പറയുന്ന മേഖലകളിൽ സർക്കാർ ഇടപെടും.

1. നികുതി ഘടന
2. ഏക ജാലക അനുമതി നൽകൽ സംവിധാനം
3. വ്യവസായ പ്രോത്സാഹന / ഉത്തേജന പാക്കേജുകൾ
4. ചെറുകിട,ഇടത്തരം സംരംഭങ്ങൾക്കുള്ള സഹായം

## 5.11. ആഭ്യന്തര വിപണി

### 5.11.1. സർക്കാർ പർച്ചേസ്

സംസ്ഥാനത്തു രജിസ്റ്റർ ചെയ്യപ്പെട്ടതോ ഇല്ലെങ്കിൽ നൂറിൽ കൂടുതൽ പേർക്ക് സംസ്ഥാനത്തു തന്നെ തൊഴിൽ നല്കുന്നതോ ആയ സ്ഥാപനങ്ങൾക്ക് ഇവിടുത്തെ ആഭ്യന്തര വിപണി തുറന്നുകൊടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സർക്കാർ അവലംബിക്കും. കേരളത്തിലെ സ്റ്റാർട്ട് അപ്പുകളിൽ നിന്ന് വരുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളും വിന്യസിക്കാൻ ഉള്ള ആദ്യ അവസരം നൽകാനും ഈ പദ്ധതി വേദിയാകും.

a) വൈദഗ്ധ്യമുള്ള മേഖലകളിലെ സർക്കാർ പ്രോജെക്റ്റുകളുടെ പ്രാരംഭ ഘട്ടം ഏറ്റെടുത്തു നടപ്പാക്കാനും , അവ വിജയകരമായി പൂർത്തിയാക്കുന്നപക്ഷം വിപുലമായ സാധ്യതകളോടു കൂടിയ തുടർഘട്ടങ്ങൾ സർക്കാർ അംഗീകാരമുള്ള പക്ഷം നടപ്പിലാക്കാനും പ്രാദേശിക കമ്പനികൾക്കു അവസരം ഒരുക്കും.

b) ആരോഗ്യം, വിദ്യാഭാസം തുടങ്ങിയ മേഖലകളിൽ പൊതുജന സേവങ്ങൾ കാര്യക്ഷമം ആക്കാൻ ഉതകുന്ന പദ്ധതികളോ നൂതന സാങ്കേതിക വിദ്യകളോ സ്വയം മുൻകൈയെടുത്തു സമർപ്പിക്കാനുള്ള അവസരവും കമ്പനികൾക്കു ഉണ്ടാകും. സ്വിസ് ചലഞ്ച് മാതൃകയിലാകും ഇത് നടപ്പാക്കുക

### 5.11.2. പ്രാദേശിക ഉത്പാദന പ്രോത്സാഹനം

സർക്കാറിന് സേവനങ്ങളോ ഉല്പന്നങ്ങളോ വിതരണം ചെയ്യുന്ന കമ്പനികളെ പ്രാദേശിക യൂണിറ്റുകൾ സ്ഥാപിച്ചു ഉൽപ്പാദനവും സംയോജനവും നടത്താനും പ്രേരിപ്പിക്കും. ഇത്തരം സംരംഭങ്ങൾക്ക് കേന്ദ്ര പദ്ധതികളായ M-SIPS (Modified Special Incentive Package System) ന്റെയും EMC (Electronic Manufacturing Clusters Scheme) യുടെയും ആനുകൂല്യങ്ങൾ നേട്ടമാകും. ഈ മേഖലയിൽ ജോലി ചെയ്തു കഴിയുന്നവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള സർഗാത്മകമായ മാർഗങ്ങൾ സർക്കാർ കണ്ടെത്തും.

## 5.12. ബ്രാൻഡ് കേരള ഐടി

### 5.12.1. പ്രതിനിധി സംഘങ്ങൾ

കേരളത്തിലെ ഐടി കമ്പനികൾക്ക് വിദേശത്തു വാണിജ്യ ഇടനാഴികൾ സൃഷ്ടിക്കുന്നതിനായി വ്യവസായ സംഘടനകളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കും.

### 5.12.2. ഐ ടി എക്സ്പോ കേരള

ഐടി മേഖലയിൽ കേരളത്തിനുള്ള പ്രാവീണ്യം ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനും, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള അത്യന്താധുനിക സാങ്കേതിക വിദ്യകൾ നമുക്ക് പരിചയപ്പെടുത്താനും, ഒരു വാർഷിക ഐടി എക്സ്പോ സംഘടിപ്പിക്കും.

സംസ്ഥാനത്തെ ഐടി കമ്പനികൾക്ക് ദേശീയ അന്തർദേശിയ കമ്പനികളുമായി ബിസിനസ് ചെയ്യാനുള്ള അവസരങ്ങൾ കണ്ടെത്താനുമുള്ള വേദിയായി എക്സ്പോ മാറും. കേരളത്തിലെ കമ്പനികൾക്ക് മെച്ചപ്പെട്ട അവസരങ്ങളുള്ള രാജ്യങ്ങളിൽ നിന്ന് വാണിജ്യ സംഘങ്ങളെ ഇവിടേയ്ക്ക് ക്ഷണിക്കും. സ്മാർട്ട് സങ്കേതങ്ങൾ, ആരോഗ്യം, മൊബിലിറ്റി എന്നിവയിൽ ഊന്നിയ ആദ്യ എക്സ്പോ 2017-ൽ നടത്തുന്നതാണ്.

### 5.12.3. രാജ്യാന്തര സെമിനാറുകൾ

ഐ ടി പാർക്കുകൾ രാജ്യാന്തര സാങ്കേതിക/ബിസിനസ് സെമിനാറുകൾക്കു വേദി ആകും. അത് വഴി ലോക വ്യാപാര രംഗത്ത്, വിജ്ഞാന മേഖലയിൽ കേരളത്തിന്റെ നേട്ടങ്ങളെ പ്രദർശിപ്പിക്കാൻ നമുക്ക് കഴിയും

### 5.12.4. മികവിനുള്ള അംഗീകാരം

ഐടി മേഖലയുടെ വിവിധ തലങ്ങളിൽ മികവ് തെളിയിക്കുന്നവർക്ക് സർക്കാർ അവാർഡ് ഏർപ്പെടുത്തും.

1. കമ്പനികൾ / കമ്പനി മേധാവികൾ.
2. സ്റ്റാർട്ട് അപ്പുകൾ / സ്ഥാപകർ
3. വിദ്യാർത്ഥി പ്രോജക്ടുകൾ / വിദ്യാഭാസ, ഗവേഷണ സ്ഥാപനങ്ങൾ
4. ഇ - ഗവേണൻസ് പ്രോജക്ടുകൾ / ടീമുകൾ/ വകുപ്പുകൾ

## 6. ഐ ടി & ഐ ടി അനുബന്ധ പശ്ചാത്തല സൗകര്യങ്ങൾ

### 6.1. സംസ്ഥാന ഐടി പശ്ചാത്തല സൗകര്യങ്ങൾ

ഇ-ഗവേണൻസ് സംവിധാനങ്ങൾ മെച്ചപ്പെടുത്തി കേരളത്തെ ഒരു ഡിജിറ്റൽ സമൂഹമായി പരിവർത്തനപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യങ്ങൾക്കും വാർത്താവിനിമയ ശൃംഖലകൾക്കും മുഖ്യ പങ്കാണുള്ളത്. പ്രധാന ശൃംഖലകളെയും സജ്ജീകരണങ്ങളെയും പരസ്പരം ബന്ധിപ്പിക്കുന്നതിലൂടെ പശ്ചാത്തല സൗകര്യങ്ങളുടെ ചെലവ് കുറക്കാനും ക്ഷമത വർധിപ്പിക്കാനും ഉപയോഗം ഫലപ്രദമാക്കാനും കഴിയും. ഇതിൽ ദേശീയ-അന്തർദേശീയ ഫൈബർ ശൃംഖല, ഫൈബർ റ്റു ഹോം, മൊബൈൽ ശൃംഖലകൾ, ഡേറ്റ ശൃംഖലകൾ തുടങ്ങിയവ ഉൾപ്പെടും.

### 6.2. ഐടി വ്യവസായവും അനുബന്ധ സൗകര്യങ്ങളും

സംസ്ഥാനത്തു വർധിച്ച തോതിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഐടി കയറ്റുമതി ഉയർത്തുന്നതിനുമായി വൻകിട പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. സർക്കാരിനോ സ്വകാര്യ സംരംഭകർക്കോ (സ്വകാര്യ ഐടി പാർക്കുകൾക്കുവേണ്ടി നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്) ഈ പദ്ധതികൾ ഏറ്റെടുക്കാവുന്നതാണ്. താഴെപ്പറയുന്ന മേഖലകളിൽ ശ്രദ്ധയൂന്നി ആയിരിക്കും പദ്ധതികൾ നടപ്പിലാക്കുകയെങ്കിലും മറ്റു മേഖലകളെയും ആവശ്യമെങ്കിൽ ഉൾപ്പെടുത്തും.

1) ഐടിപാർക്കുകളിൽ കമ്പനികൾക്കായി കൂടുതൽ കെട്ടിടങ്ങൾ പണിയും.
2) ഐടി പാർക്കുകളിലേക്ക് മെച്ചപ്പെട്ട ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തും.
3) ഊർജ്ജ സുരക്ഷ ഉറപ്പു വരുത്തും.
4) ഐടി പശ്ചാത്തല സൗകര്യം ഒരുക്കുന്നതിൽ സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും. സർക്കാരിന്റെ വൻതോതിലുള്ള ഇടപെടലുകൾ ഇക്കാര്യത്തിൽ നടത്തും.

5) ഐടി ഹബ്ബുകൾക്കു ചുറ്റുമുള്ള സാമൂഹിക പശ്ചാത്തല സൗകര്യം മെച്ചപ്പെടുത്തും. സുരക്ഷ ഉറപ്പു വരുത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തും.

6) പ്രധാന ദേശീയ, അന്താരാഷ്ട്ര നഗരങ്ങളുമായുള്ള വ്യോമഗതാഗത ശൃംഖല മികവുറ്റതാക്കും.

## 6.3. വിവര വിനിമയ ശൃംഖലകളും ഡേറ്റ സെന്ററുകളും

സംസ്ഥാനത്തുടനീളം വിവര വിനിമയ ശൃംഖലകൾ സ്ഥാപിക്കാൻ ടെലികോം കമ്പനികൾക്കു സഹായകരമാവും വിധം പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തും. ജനങ്ങൾക്ക് പൊതു ഇന്റർനെറ്റ് ഹോട്ട് സ്പോട്ടുകൾ വഴി സൗജന്യ നിരക്കിൽ ഇന്റർനെറ്റ് ലഭ്യമാക്കും.

## 6.4. ഫാബ് ലാബുകൾ .

അന്താരാഷ്ട്ര സർവകലാശാലയായ മസാച്ചുസെറ്റ്സ് ഇൻസിസ്റ്റ്യൂട്ട് ഓഫ് ടെക്നോളജി (എംഐടി) യുമായി ചേർന്ന് സംസ്ഥാനത്തു സ്ഥാപിച്ച ഫാബ് ലാബുകൾ കമ്പനികൾക്കും ഗവേഷകർക്കും വിദ്യാർഥികൾക്കും ഇടയിൽ നല്ല സ്വീകാര്യത നേടിയിട്ടുണ്ട്. വിദ്യാഭാസ സ്ഥാപനങ്ങളിലെ മിനി ലാബുകൾ വഴി വിദ്യാർഥികൾക്ക് ഫാബ് ലാബ് പരിശീലനം നൽകും. സമൂഹത്തിന്റെ പൊതുവായ പ്രശ്നങ്ങൾ പരിഹരിക്കുന്ന ഉൽപ്പന്നങ്ങൾ സ്വയം സംരംഭങ്ങളിലൂടെ (ഡു ഇറ്റ് യുവർസെൽഫ് -ഡി.ഐ.വൈ ) യുവജനങ്ങൾ തന്നെ രൂപപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

## 6.5. അന്താരാഷ്ട്ര കോഗ്നിറ്റീവ് ശൃംഖല

നാളെയുടെ തൊഴിൽ മേഖലകളിൽ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, കോഗ്നിറ്റീവ് കംപ്യൂട്ടിങ് മുതലായ വിദൂരാത്മക സാങ്കേതിക വിദ്യകൾ വഹിക്കാൻ പോകുന്ന പങ്ക് സർക്കാർ തിരിച്ചറിയുന്നു. പ്രാദേശിക അറിവുകളെ അപഗ്രഥിച്ചു, അവലോകനം ചെയ്യാൻ തയ്യാറാക്കി സൂക്ഷിക്കുന്ന വിജ്ഞാന ശേഖരങ്ങൾ ആവും ഇത്തരം സാങ്കേതിക വിദ്യകളുടെ അടിസ്ഥാനം. ആരോഗ്യം, വിദ്യാഭ്യാസം, ഭരണ സംവിധാനം മുതലായ അടിസ്ഥാന മേഖലകളിൽ ഇത്തരത്തിൽ വിവര ശേഖരണം നടത്തി, സുഗമമായി ഉപയോഗിക്കത്തക്ക രീതിയിൽ ഉള്ള ഒരു അന്താരാഷ്ട്ര കോഗ്നിറ്റീവ് ശൃംഖലക്കു രൂപം കൊടുക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിനു ആവശ്യമായ മാനവ ശേഷി സ്വരൂപിക്കാനായി ഒരു 'കോഗ്നിറ്റീവ് ഡിസിഷൻ സയൻസ് ഇൻസ്റ്റിറ്റ്യൂട്ട്' സർക്കാർ മുൻകൈ എടുത്തു സ്ഥാപിക്കും. ഈ മേഖലകളിൽ ഗവേഷണം നടത്തുന്ന ലോകത്തെ വൻകിട കമ്പനികൾക്കു കേരളത്തിലേക്ക് നിക്ഷേപം നടത്താൻ ഉള്ള ഒരു ത്വരിതകം ആയി ഈ ഹബ് പ്രവർത്തിക്കും എന്ന് സർക്കാർ വിശ്വസിക്കുന്നു. ഈ ശൃംഖലയെ അടിസ്ഥാനമാക്കി വരാനിരിക്കുന്ന കോഗ്നിറ്റീവ് വിപ്ലവത്തിൽ പങ്കാളികൾ ആവാനും, അത് വഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും യുവ ജനങ്ങളെ പ്രോത്സാഹിപ്പിക്കും.

## 6.6. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കുള്ള മൊബൈൽ ലഭ്യത

ജനങ്ങൾക്ക് സർക്കാരുമായി സുഗമമായി ബന്ധപ്പെടാനുള്ള വഴി ഒരുക്കലാണ് കുറ്റമറ്റ ഭരണ സംവിധാനത്തിലേക്കുള്ള ആദ്യ പടി. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കു സർക്കാരുമായും സർക്കാർ സേവനങ്ങളുമായും ബന്ധപ്പെടാൻ ഒരു മൊബൈൽ ഉപകരണം സൗജന്യമായി നൽകാൻ ഉദ്ദേശിക്കുന്നു. എം-ഗവേണൻസ് വഴി ഉള്ള സേവനങ്ങൾ പ്രയോജനപെടുത്താൻ ഇത് ഇവരെ പ്രാപ്തരാക്കും.

## 6.7. സ്ത്രീസുരക്ഷക്കുള്ള ആപ്ലിക്കേഷനുകൾ

സ്ത്രീസുരക്ഷ ഉറപ്പുവരുത്താൻ കഴിയുന്ന ഉപകരണങ്ങളുടെയും മൊബൈൽ ആപ്ലിക്കേഷനുകളുടെയും ഉത്പാദനം സർക്കാർ പ്രോത്സാഹിപ്പിക്കും. മികച്ചതെന്ന് കണ്ടെത്തുന്നതും സ്ത്രീകൾക്കിടയിൽ സ്വീകാര്യത കിട്ടുന്നതുമായ ആപ്ലിക്കേഷനുകളെ സർക്കാർ സാക്ഷ്യപ്പെടുത്തും.

## 6.8 സൈബർ സുരക്ഷ

ഡിജിറ്റൽ ജീവിത ക്രമത്തിലേക്കു നീങ്ങുമ്പോൾ അതിനാവശ്യമായ എല്ലാവിധ സുരക്ഷയും ഏർപ്പെടുത്തേണ്ടത് സർക്കാരിന്റെ കടമയാണ്. അതിന്റെ ഭാഗമായി ഒരു സൈബർ സുരക്ഷാ ചട്ടക്കൂട് സൃഷ്ടിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. വിവരങ്ങളുടെ സുരക്ഷയും സ്വകാര്യതയും സംരക്ഷിക്കുന്നതിനായിരിക്കും മുൻഗണന.

## 6.9 ബിസിനസ് നൈരന്തര്യം

സർക്കാരിന്റെയും സ്വകാര്യ പങ്കാളികളുടെയും പ്രവർത്തനങ്ങളും വിവരങ്ങളും ഡിജിറ്റൽ സങ്കേതങ്ങളിലേക്കു മാറിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി വിവര ശേഖരത്തിന്റെ വീണ്ടെടുക്കലിനും ക്രയവിക്രയങ്ങളുടെ നൈരന്തര്യത്തിനും ഒരു നയം സർക്കാർ ആവിഷ്കരിക്കും.

## 6.10 പൊതു സ്ഥലങ്ങളിൽ സൗജന്യ നിരക്കിൽ വൈഫൈ/ ഐ ഒ ടി - യുടെ (ഇന്റർനെറ്റ് ഓഫ് തിങ്ങ്സ്) വ്യാപക ഉപയോഗം

പൊതു ജനങ്ങൾക്ക് ഇന്റർനെറ്റ് വഴിയുള്ള ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി പൊതു സ്ഥലങ്ങളിൽ സൗജന്യ നിരക്കിൽ വൈഫൈ ഏർപ്പെടുത്തും. താഴെ പറയുന്ന സംവിധാനങ്ങൾ ആണ് ഇത് നടപ്പിൽ വരുത്താൻ സർക്കാർ ആലോചിക്കുന്നത്.

1. കളക്ടറേറ്റുകൾ, മറ്റു പൊതു ജന കേന്ദ്രങ്ങൾ എന്നിവയിൽ സർക്കാർ ഏർപ്പെടുത്തുന്ന വൈഫൈ
2. തിരഞ്ഞെടുക്കപ്പെട്ട മറ്റു പൊതുവിടങ്ങളിൽ സ്വകാര്യ വ്യക്തികൾ ഏർപ്പെടുത്തുന്ന ഹോട്ട് സ്പോട്ടുകൾ . ഇവയിൽ കൂടി പരസ്യ വരുമാനം സ്വകാര്യ സംരംഭകർക്ക് ഈടാക്കാവുന്നതാണ്
3. സർക്കാരിതര സംഘടനകൾ, സാമൂഹ്യ സംഘടനകൾ എന്നിവ സ്പോൺസർ ചെയ്യുന്ന ഹോട്ട് സ്പോട്ടുകൾ.

സുരക്ഷാ നെറ്റ് വർക്കുകൾ- സി സി ടി വി ക്യാമറകൾ, സ്ഥല കാല വിവരങ്ങൾ, വിവര വിനിമയ ശൃംഖലകൾ ഇവയെ കൂട്ടി യോജിപ്പിച്ചു കൊണ്ടുള്ള ഒരു സുരക്ഷാ വലയം തീർക്കാൻ സർക്കാർ ലക്ഷ്യം വെക്കുന്നു. അങ്ങനെ സർക്കാർ തന്നെ മുൻകൈ എടുത്തു സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യത്തിനുള്ള സുരക്ഷ ഒരുക്കും.

## 6.11 സർക്കാർ മിഷനുകൾ

സർക്കാർ താഴെ പറയുന്ന മേഖലകളിൽ ക്രിയാത്മകമായ ഇടപെടലുകൾ നടത്താൻ ഉദ്ദേശിക്കുന്നു.

1. പാർപ്പിടം
2. കൃഷി
3. മാലിന്യ സംസ്കരണം
4. നീർത്തട സംരക്ഷണവും ശുദ്ധ ജല വിതരണവും
5. വിദ്യാഭ്യാസം
6. ആരോഗ്യം

ഈ മേഖലകളിലോരോന്നിലും വിവര സാങ്കേതിക വിദ്യയുടെ അർത്ഥവത്തായ വിന്യാസവും വൈജ്ഞാനിക മേഖലയിലെ സങ്കേതങ്ങളുടെ പ്രാവർത്തകമാക്കലും ഉറപ്പാക്കുന്നതാണ്.

### 6.12 ഹരിത കേരളം

പരിസ്ഥിതി സംരക്ഷണത്തിലൂടെ ആരോഗ്യമുള്ള ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിൽ കേരളം എക്കാലവും ശ്രദ്ധിച്ചിരുന്നു. ഇതിനായി സർക്കാർ നിരവധി പദ്ധതികൾ ഇതിനോടകം നടപ്പിലാക്കുന്നുണ്ട്. ഹരിത കേരളം ലക്ഷ്യം വെച്ചു താഴെ പറയുന്ന കാര്യങ്ങളിൽ സർക്കാർ ശ്രദ്ധയൂന്നും.

1. സംസ്ഥാനത്തെ ഹരിത കേരളം പദ്ധതികളുടെ ആസൂത്രണം, നിർവഹണം, നിരീക്ഷണം, ഭരണനിർവഹണം എന്നിവയിൽ വിവരസാങ്കേതികവിദ്യയുടെയും ഇ-ഗവേണൻസിന്റെയും സഹായം ലഭ്യമാക്കുക.
2. സാങ്കേതിക പശ്ചാത്തല സൗകര്യങ്ങളിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം ഉറപ്പു വരുത്തുക.
3. സൗരോർജ്ജം പോലെയുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗിക്കുക.
4. സംസ്ഥാനത്തെ ഐ.ടി കെട്ടിടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഹരിത സർട്ടിഫിക്കേഷൻ നിർബന്ധമാക്കുക.
5. ഇലക്ട്രോണിക് മാലിന്യ നിർമ്മാർജ്ജനം ഉറപ്പ വരുത്താൻ ഒരു ഹരിത സാങ്കേതിക മാർഗ്ഗനിർദ്ദേശം രൂപപ്പെടുത്തുക.
6. നൂതന സാങ്കേതിക വിദ്യയുടെ ഫലം കേരളത്തിലെ കാർഷികമേഖലയിൽ ഉപയോഗിക്കാൻ പ്രത്യേക പ്രൊജെക്ടുകൾ തയാറാക്കുന്നതിനും ഇ-കോമേഴ് സ് ഡിജിറ്റൽ മാർക്കറ്റിംഗ് സംവിധാനങ്ങളും, ഐ ഒ ടി, ഐ ടി, ബയോടെക്നോളജി മേഖലകളിലെ കണ്ടുപിടിത്തങ്ങളും സാധാരണ കർഷകരിലേക്കു എത്തിക്കാനും കാർഷികോൽപ്പന്നങ്ങളുടെ ഉത്പാദനം, സംഭരണം, കയറ്റുമതി മൂല്യ വർധന പ്രക്രിയ തുടങ്ങിയ എല്ലാ ഘട്ടങ്ങളിലെയും ഡാറ്റ സംഭരിക്കുന്നതിനും കർഷകർക്ക് പ്രയോജനപ്പെടുത്തുന്നതിനും സംവിധാനം ഉണ്ടാക്കുന്നതാണ്.

**********